പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 5175 02.07.2013 -ൽ മറുപടിക്ക്

<u>പയ്യന്നൂർ - പഴയങ്ങാടി - കണ്ണൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ്</u>

<u>ചോദ്യം</u> <u>ഉത്തരം</u>

ശ്രീ. റ്റി. വി. രാജേഷ് :

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജവും ഗതാഗതവും വകുപ്പു മന്ത്രി)

| | | | |
|---|---|---|---|
| (എ) | പയ്യന്നൂർ - പഴയങ്ങാടി - കണ്ണൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി. എത്ര സർവ്വീസ് നടത്തുന്നുണ്ട് ; | (എ) | പയ്യന്നൂർ-പഴയങ്ങാടി-കണ്ണൂർ റൂട്ടിൽ കെ.എസ്.ആർ.ടി.സി കണ്ണൂരിൽ നിന്നും രണ്ട് സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്ത് വരുന്നുണ്ട്. |
| (ബി) | പ്രസ്തുത റൂട്ടിൽ ബസ് സർവ്വീസ് ഇടയ്ക്കിടെ റദ്ദാക്കുന്നതിനാൽ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് സർവ്വീസുകൾ കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോ ; ഇതുവഴി കൂടുതൽ ബസ് സർവ്വീസ് ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ ? | (ബി) | ഉണ്ട്. പയ്യന്നൂരിൽ നിന്നുള്ള സർവ്വീസുകൾ മുഴുവനും മുൻസിപ്പൽ ബസ് സ്റ്റാന്റ് കേന്ദ്രീകരിച്ചാണ് ഓപ്പറേറ്റ് ചെയ്യുന്നത്. സ്വകാര്യ ബസ്സുകൾക്ക് പഴയങ്ങാടി സർവ്വീസ്സിനായി പാർക്കിംഗ് അനുവദിക്കുമ്പോൾ കെ.എസ്.ആർ.ടി.സി ബസ്സുകൾക്ക് ആ ഭാഗത്ത് പാർക്കിംഗ് അനുവദിക്കാത്തത് കാരണം യാത്രക്കാരെ ലഭ്യമല്ലാതാവുകയും, സർവ്വീസുകൾക്ക് മതിയായ വരുമാനം ലഭിക്കാതെ നിന്നു പോകുകയുമാണുണ്ടായത്. പാർക്കിംഗ് അനുവദിക്കുന്നതിനായി മുൻസിപ്പൽ അധികാരികളുമായി ബന്ധപ്പെട്ടെങ്കിലും ഇതുവരെ അനുകൂല തീരുമാനം ഉണ്ടായിട്ടില്ല. ആയതിനാൽ കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണിക്കുവാൻ കഴിയുകയില്ല. |

സെക്ഷൻ ഓഫീസർ